# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
**(ഹാജർ:– എസ്. ഹരികിഷോർ ഐ.എ.എസ്.)**

വിഷയം: കുടുംബശ്രീ -എൻ.യു.എൽ.എം.- എസ്.ഇ.പി - അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പ പലിശ സബ്സിഡി - ചെലവനുമതി ഉത്തരവ് - നൽകുന്നത് - സംബന്ധിച്ച്

പരാമർശം:
1. 07.06.2017-ലെ തൃശൂർ നഗരസഭ സെക്രട്ടറിയുടെ അപേക്ഷ
2. 09.10.2018 ലെ തൃശൂർ നഗരസഭാ സിറ്റിമിഷൻ മാനേജരുടെ അപേക്ഷ

***NULM010- ഉത്തരവ് നമ്പർ 6394/F/2015/KSHO തീയതി 19..11..2018***

തൃശൂർ നഗരസഭയിലെ സിഡിഎസ്-1, സിഡിഎസ്-2-ൽ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പക്ക് പദ്ധതിപ്രകാരമുള്ള പലിശ സബ്സിഡി അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ സംസ്ഥാനമിഷൻ പരിശോധിച്ച് അനുവദനീയമായ തുകയും ഭേദഗതി വരുത്തിയ സ്റ്റേറ്റ്മെന്റും അയച്ചു നൽകിയിരുന്നു.

എന്നാൽ അയച്ച തുകയും അംഗീകരിച്ച സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം ഉണ്ടെന്ന കാരണത്താൽ ടി തുക വിതരണം ചെയ്തിട്ടില്ലെന്നും നിലവിൽ സി.ഡി.എസ്-1-ന് 499198/- രൂപയും, സി.ഡി.എസ്-II -ന് 589152/- രൂപയുമാണ് ആവശ്യമായിട്ടുള്ളതണെന്നും ആയതിനാൽ ടി തുക മാത്രം വിതരണം ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് നൽകണമെന്നും പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) അപേക്ഷ പരിഗണിച്ച് സി.ഡി.എസ്-I ലെ 43 അയൽക്കൂട്ടങ്ങൾക്ക് 499198/-രൂപയും സി.ഡി.എസ്- II ലെ 133 അയൽക്കൂട്ടങ്ങൾക്ക് 589152/-രൂപയുമായി ആകെ 1088350/-രൂപ (ആവശ്യമായ തുക) നഗരസഭയ്ക്ക് ലഭ്യമാക്കിയ എൻ.യു.എൽ.എം ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള ചെലവനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. അവശേഷിക്കുന്ന തുക ഇതേ ശീർഷകത്തിൽ തന്നെ നിലനിർത്തേണ്ടതുമാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. സെക്രട്ടറി, തൃശൂർ നഗരസഭ
2. സിറ്റി പ്രോജക്ട് ഓഫീസർ, തൃശൂർ നഗരസഭ
3. സിറ്റി മിഷൻ മാനേജർ, തൃശൂർ നഗരസഭ

പകർപ്പ്
കരുതൽ/അധികം

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ